ഉത്തരം

(എ) എച്ച്.ഐ.വി. അണുബാധയുള്ളവരെ പരിശോധിച്ച് രോഗം നേരത്തേ കണ്ടു പിടിക്കുവാൻ വേണ്ടി സൗജന്യ നിരക്കിൽ (രൂപ 10) എല്ലാ ജില്ലകളിലും വോളണ്ടറി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകൾ (വി.സി.റ്റി.സി.) സ്ഥാപിച്ചിട്ടുണ്ട്. അമ്മയിൽ നിന്നും കുഞ്ഞിലേക്ക് എച്ച്.ഐ.വി. അണുബാധ പകരുന്നത് തടയുന്നതിന് വേണ്ട നടപടികൾ അഞ്ച് മെഡിക്കൽ കോളേജുകളിൽ സ്വീകരിച്ചിട്ടുണ്ട്. അശരണരും ശയ്യാവലംബികളുമായ എച്ച്.ഐ.വി. അണുബാധിതരെ പരിചരിക്കുന്നതിനുവേണ്ടി രണ്ട് കെയർ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ ധനസഹായത്തോടെ എല്ലാ മെഡിക്കൽ കോളേജുകളിലും ആന്റി റിട്രോവൈറൽ തെറാപ്പി മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) എയ്ഡ്സ് ഒരു നോട്ടിഫൈയബിൾ ഡിസീസ് അല്ലാത്തതിനാൽ ഏറ്റവും കൂടുതൽ എയ്ഡ്സ് രോഗികളും, എച്ച്.ഐ.വി. വാഹകരുമുള്ള ജില്ലയും, മുനിസിപ്പൽ ഏരിയയും, ഗ്രാമ പഞ്ചായത്തും ഏതെല്ലാമാണെന്ന് പറയുവാൻ നിർവാഹമില്ല.

(ഡി) കാസർഗോഡ്, പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളുടെ അതിർത്തി പ്രദേശങ്ങളിൽ ഈ രോഗം കൂടുതൽ ഉള്ളതായി കാണുന്നുണ്ട്.

സ്പെഷ്യലൈസ്ഡ് ചികിത്സയും സ്വകാര്യ ആശുപത്രികളും

125 [901] ശ്രീ. കെ. സുധാകരൻ :
,, എ. കെ. മണി :
,, പി. ശങ്കരൻ :
,, പി. ടി. തോമസ് താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രസവത്തിനും സ്പെഷ്യലൈസ്ഡ് ചികിത്സയ്ക്കും ഇന്ന് സ്വകാര്യ ആശുപത്രികളെ കൂടുതലായി പൊതുജനങ്ങൾ ആശ്രയിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

പ്രസവത്തിനും സ്പെഷ്യലൈസ്ഡ് ചികിത്സയ്ക്കും വേണ്ടി സർക്കാർ ആശുപത്രികളേയും, സ്വകാര്യ ആശുപത്രികളേയും ജനങ്ങൾ ആശ്രയിക്കുന്നുണ്ട്. ഏകദേശം 30-35 ശതമാനം പ്രസവങ്ങൾ സർക്കാർ ആശുപത്രികളിലും ബാക്കി സ്വകാര്യ ആശുപത്രികളിലുമാണ് നടക്കുന്നത്. കേരളത്തിൽ ഗ്രാമ പ്രദേശങ്ങളിലും, നഗര പ്രദേശങ്ങളിലും വിദഗ്ദ്ധ ചികിത്സ നൽകാൻ കഴിവുള്ള ധാരാളം സ്വകാര്യ ആശുപത്രികൾ ഉണ്ട്. സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്കായുള്ള രോഗികളുടെ ബാഹുല്യംമൂലവും സ്വകാര്യ ആശുപത്രികളിൽ സ്വാതന്ത്ര്യവും സുഖസൗകര്യങ്ങളും കൂടുതൽ ഉള്ളതിനാലും ജനങ്ങൾ അവരുടെ ഇഷ്ടാനുസരണം ചികിത്സാസൗകര്യങ്ങൾ ലഭ്യമാകുന്ന സ്ഥാപനങ്ങളെ മേൽപറഞ്ഞ ചികിത്സയ്ക്കായി തെരഞ്ഞെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly